പതിനാലാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം
നിയമസഭാ ചോദ്യം നമ്പർ: 5827 — 19.11.2019 ലെ മറുപടിയ്ക്ക്

**അങ്കമാലി സബ്ട്രഷറി ഓഫീസിൽ ഇടപാടുകൾ സ്തംഭിക്കുന്ന അവസ്ഥ**

**ചോദ്യം** — **ഉത്തരം**

ശ്രീ.റോജി.എം.ജോൺ — ഡോ.റ്റി.എം.തോമസ് ഐസക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | | |
|---|---|---|
| (എ) | അങ്കമാലി നിയോജക മണ്ഡലത്തിലെ അങ്കമാലി സബ്ട്രഷറി ഓഫീസിലെ ബാറ്ററി തകരാറിനെ തുടർന്ന് ട്രഷറി ഇടപാടുകൾ സ്തംഭിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ വിഷയം ട്രഷറി ഡയറക്ടറേറ്റിന്റെ ശ്രദ്ധയിൽപെട്ട ഉടൻ തന്നെ എറണാകുളം ജില്ലാ ട്രഷറിയുടെ അധികാര പരിധിയിലുള്ള കളമശേരി സബ് ട്രഷറിയിൽ നിന്നും പുതിയ 8 ബാറ്ററികൾ അങ്കമാലി സബ് ട്രഷറിയിൽ എത്തിച്ച ബാറ്ററി തകരാർ പരിഹരിക്കുകയും ചെയ്തിട്ടുണ്ട് . |
| (ബി) | ടി ഓഫീസിലെ ബാറ്ററി തകരാറ് പരിഹരിക്കുന്നതിന് കഴിഞ്ഞ അഞ്ച് മാസമായി കത്ത് നൽകിയിട്ടും പരിഹാരം കാണാത്തതിന്റെ കാരണം വ്യക്തമാക്കാമോ; | UPS ബാറ്ററിയുടെ ശരാശരി ആയുസ് 3-4 വർഷമാണ്. ട്രഷറി വകുപ്പിൽ എല്ലാ വർഷവും കേടായ ബാറ്ററി മാറ്റി പുതിയവ സ്ഥാപിക്കുന്ന നടപടി സ്വീകരിക്കാറുണ്ട്. ഈ പ്രവർത്തനം കേന്ദ്രീകൃതമായ രീതിയിലാണ് നടപ്പിലാക്കുന്നത്, എല്ലാ ട്രഷറികളിലെയും കേടായ ബാറ്ററിയുടെ വിവരം ജില്ലാട്രഷറി തലത്തിൽ ക്രോഡീകരിച്ച് ട്രഷറി ഡയറക്ടറേറ്റിൽ എത്തിക്കുകയും ബാറ്ററിയുടെ മാറ്റിവാങ്ങൽ നടത്തി ട്രഷറികൾക്ക് വിതരണം ചെയ്യാറുണ്ട്. ഇപ്രകാരം 1209 SMF ബാറ്ററി 2017-ൽ വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. ആയതിൽ അങ്കമാലി സബ്ട്രഷറി ഉൾപ്പെട്ടിരുന്നില്ല. നടപ്പ സാമ്പത്തിക വർഷം കേടായ ബാറ്ററി മാറ്റി പുതിയ ബാറ്ററി സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ സ്വീകരിച്ചു വരുന്നുണ്ട്. അടിയന്തിര നടപടി എന്ന നിലയ്ക്ക് കളമശ്ശേരി സബ്ട്രഷറിയിൽ നിന്നും പുതിയ 8 ബാറ്ററികൾ അങ്കമാലി സബ്ട്രഷറിയിൽ എത്തിച്ച് ട്രഷറിയുടെ പ്രവർത്തനം സുഗമമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുമുണ്ട്.ഇത്തരം വിഷയങ്ങളിൽ സമയബന്ധിതമായി പരിഹാരം കാണുന്നതിനുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട ഓഫീസർമാർക്ക് നല്കിയിട്ടുള്ളതുമാണ്. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ പ്രളയത്തിന് ശേഷം അടിക്കടി വൈദ്യുത ബന്ധം തടസ്സപ്പെടുന്ന സബ്ട്രഷറിയിൽ ഇടപാടുകാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടിന് അടിയന്തര പരിഹാരം കാണുന്നതിനായി എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ; | | അങ്കമാലി സബ്ട്രഷറിയിൽ ഇടപാടുകൾ സുഗമമായി നടത്തുന്നതിനുള്ള നടപടികളുടെ ഭാഗമായി 16 പുതിയ SMF ബാറ്ററി ഈ വർഷം തന്നെ ടി ട്രഷറിക്ക് നൽകുന്നതാണ്. ആയത് GeM ൽ നിന്നും വാങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ച് കഴിഞ്ഞു. വൈദ്യുതി തകരാർ നിമിത്തം ട്രഷറി ഇടപാടുകൾ തടസ്സപ്പെടാതിരിക്കാനായി കേരളത്തിലെ എല്ലാ ട്രഷറികൾക്കും ഡീസൽ ജനറേറ്റർ സെറ്റുകൾ വാങ്ങി സ്ഥാപിക്കുന്നതിനുള്ള പദ്ധതി വകുപ്പ് നടപ്പിലാക്കി വരികയാണ്. |
| (ഡി) | മേൽ വിഷയത്തിന് പരിഹാരം കാണുന്നതിന് അങ്കമാലി സബ്ട്രഷറി ഓഫീസർ മേലധികാരികൾക്ക് നൽകിയ കത്തുകളുടെ പകർപ്പ് ലഭ്യമാക്കാമോ; | | ബാറ്ററിയുടെ തകരാർ പരിഹരിക്കുന്നതുമായി ബന്ധപ്പെട്ട് അങ്കമാലി സബ്ട്രഷറി ഓഫീസർ എറണാകുളം ജില്ലാ ട്രഷറി ഓഫീസർക്ക് നൽകിയ കത്തുകളുടെ പകർപ്പുകൾ ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ഇ) | വേഗത്തിൽ പരിഹാരം കാണേണ്ട വിഷയത്തിൽ മാസങ്ങളോളം പരിഹാരം കാണാതെ ട്രഷറി ഇടപാടുകാരെ പ്രയാസത്തിലാക്കുന്നവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ? | | ട്രഷറികളിലുണ്ടാകുന്ന എല്ലാത്തരം വിഷയങ്ങളും പരിഹരിക്കുന്നതിനായി ട്രഷറി ഡയറക്ടറേറ്റ് തലത്തിൽ ഓരോ ജില്ലാ ട്രഷറിക്കും പ്രത്യേകം ലെയ്സൺ ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. വിജയകരമായി ഈ സംവിധാനം പ്രവർത്തിക്കുകയും ചെയ്യുന്നുണ്ട്. സബ്ട്രഷറി ഓഫീസർമാർക്ക് നേരിട്ട് ബന്ധപ്പെടാവുന്ന തരത്തിൽ ടെലിഫോൺ നമ്പർ സഹിതം എല്ലാവർക്കും നൽകിയിട്ടുള്ളതുമാണ്. അടിയന്തിരമായി പരിഹാരം കാണേണ്ട വിഷയങ്ങൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഏർപ്പെടുത്തിയിട്ടുള്ള പ്രസ്തുത സംവിധാനം ഫലപ്രദമായി ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ ട്രഷറി ഓഫീസർമാർക്കും നൽകിയിട്ടുള്ളതുമാണ്. ട്രഷറി ഇടപാടുകാരെ പ്രയാസത്തിലാക്കുന്ന ജീവനക്കാർക്ക് എതിരെ കർശന നടപടികളാണ് വകുപ്പ് സ്വീകരിച്ചു വരുന്നത്. ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കുന്നതിനുള്ള എല്ലാ നടപടികളും വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

9.


സബ് ട്രഷറി അങ്കമാലി

stoangamaly@gmail.com ph 0484-2452678


തീയതി 17/4/2019

എ1 / 27 / 2019

പ്രേഷിതൻ സബ് ട്രഷറി ഓഫീസർ
അങ്കമാലി

സ്വീകർത്താവ് ജില്ല ട്രഷറി ഓഫീസർ
എറണാകുളം

വിഷയം ബാറ്ററി തകരാർ സംബന്ധിച്ച്

സൂചന

mh,

അങ്കമാലി സബ് ട്രഷറിയിലെ റേലി സെൽ ബാറ്ററികൾ തകരാറിലായതിനെ തുടർന്ന് ഒരു യു പി എസിൽ നിന്നുമുള്ള വൈദ്യുതി വിതരണം തടസ്സപ്പെട്ടിരിക്കുകയാണ് !..ബാറ്ററി വാട്ടർ ഒഴിക്കേണ്ട ആം കോ ബാറ്ററികളുടെ ബാക്ക് അപ് അര മണിക്കൂർ മാത്രമാണ് . ഏറെ തിരക്കുള്ള ഈ ട്രഷറിയിൽ വൈദ്യുതി ലഭ്യമല്ലാതാകുന്നത് ട്രഷറി ഇടപാടുകളെ സാരമായി ബാധിക്കും. എ എം സി എൻജിനീയർ ബാറ്ററി പരിശോധിച്ചത് സംബന്ധിച്ച റിപ്പോർട്ട് ഇതോടൊപ്പം അയക്കുന്നു. അങ്കമാലി സബ് ട്രഷറിക്ക് പുതിയ ബാറ്ററി സെറ്റുകൾ അടിയന്തിരമായി അനുവദിച്ചു ഈ പ്രശ്നത്തിന് പരിഹാരം കാണണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു.

SUB TREASURY ANGAMALY 683 572

വിശ്വസ്തതയോടെ

17/4/2019

സബ് ട്രഷറി ഓഫീസർ
അങ്കമാലി

2

## സബ് ട്രഷറി അങ്കമാലി

stoangamaly@gmail.com , 0484- -2452670

എ1 / 27/ 2 /2019

തിയതി 30 / 7 / 2019

പ്രേഷിതൻ സബ് ട്രഷറി ഓഫീസർ

അങ്കമാലി

സ്വീകർത്താവ് ജില്ല ട്രഷറി ഓഫീസർ

എറണാകുളം

സർ

വിഷയം ബാറ്ററി തകരാർ സംബന്ധിച്ച്

സൂചന ഈ ഓഫീസിലെ ഇതേ നമ്പർ കത്ത് തിയതി 17 / 4 / 2019

അങ്കമാലി സബ് ട്രഷറിയിലെ മുഴുവൻ ബാറ്ററികളും [2 സെറ്റ് ബാറ്ററികളും [16] എണ്ണം ] പ്രവർത്തന രഹിതമാണ്. പൂർണമായും കെ എസ് ഇ ബി യെ ആശ്രയിച്ചാണ് വൈദ്യുതി ലഭ്യമാകുന്നത് മിക്ക ദിവസങ്ങളിലും ഇടവിട്ട് 2 മണിക്കൂറിലധികം സമയം വൈദ്യുതി മുടക്കം നേരിടുന്നുണ്ട് ഇത് ട്രഷറി ഇടപാടുകളെ സമയ ബന്ധിതമായി നടത്തികൊണ്ടുപോകുന്നതിനു പ്രയാസം നേരിടുന്നതിന് ഇടയാക്കിയിട്ടുണ്ട്. ഈ വസ്തുത കണക്കിലെടുത്തു അടിയന്തിരമായി അങ്കമാലി സബ് ട്രഷറിക്ക് പുതിയ ബാറ്ററി സെറ്റുകൾ അനുവദിച്ചു തരണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

എന്ന്

30/7/19

സബ് ട്രഷറി ഓഫീസർ

അങ്കമാലി

SUB TREASURY ANGAMALY 683 572

സബ് ട്രഷറി അങ്കമാലി
stoangamaly@gmail.com
pin 683572 phone04842452670

തീയതി 27/8/2019

A1/ 27/3/ 2019

പ്രേഷകൻ
സബ് ട്രഷറി ഓഫീസർ
അങ്കമാലി

സ്വീകർത്താവ്
ജില്ല ട്രഷറി ഓഫീസർ
എറണാകുളം

സർ

വിഷയം ബാറ്ററി തകരാർ - ബാറ്ററികൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്

സൂചന ഈ ഓഫീസിലെ ഇതേ നമ്പർ കത്ത് തീയതി 17 / 4 / 2019, 30 / 7 / 2019

അങ്കമാലി സബ് ട്രഷറിയിലെ എല്ലാ ബാറ്ററികളും പ്രവർത്തനരഹിതമായിരിക്കുകയാണ് പൂർണമായും കെ എസ് ഇ ബി യെ ആശ്രയിച്ചാണ് വൈദ്യുതി ലഭ്യമാകുന്നത്

എല്ലാ ദിവസങ്ങളിലും ഇടവിട്ട് വൈദ്യുതി വിതരണം നിലക്കുന്നതിനാൽ ട്രഷറി ഇടപാടുകളെ സാരമായി ബാധിച്ചിട്ടുണ്ട്

സമയ ബന്ധിതമായി ഇടപാടുകൾ നടത്തുന്നതിന് പ്രയാസം നേരിടുന്നു കൂടാതെ പുതിയ കമ്പ്യൂട്ടറുകൾ നിരവധി തവണ അപ്രതീക്ഷിതമായ വൈദ്യുതി തടസ്സം മൂലം ഓഫാകുന്നതിനാൽ ഹാർഡ് ഡിസ്ക് തകരാറിനും സാധ്യതയുണ്ട്.

ട്രഷറി ഇടപാടുകൾ സുഗമമാക്കുന്നതിലേക്കായി അടിയന്തിരമായി അങ്കമാലി സബ് ട്രഷറിയിലേക്ക ബാറ്ററികൾ 16 എണ്ണം ലഭ്യമാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

വിശ്വസ്തതയോടെ

27/8/19
സബ് ട്രഷറി ഓഫീസർ

SUB TREASURY ANGAMALY 683 572

സബ് ട്രഷറി ഓഫീസർ
അങ്കമാലി

4

സബ് ട്രഷറി അങ്കമാലി
stoangamaly @gmail.com
pin 683572 phone04842452670

എ 1 / 27 / 2 / 2019 തീയതി 17 / 10 / 2019

പ്രേഷിത സബ് ട്രഷറി ഓഫീസർ

അങ്കമാലി

സ്വീകർത്താവ് ജില്ല ട്രഷറി ഓഫീസർ

എറണാകുളം

സാർ

വിഷയം ബാറ്ററി തകരാർ സംബന്ധിച്ച്

സൂചന ഈ ഓഫീസിലെ ഇതേ നമ്പർ കത്ത് തിയതി 17 / 4 / 2019 . 30 / 7 /2019
27 / 8 / 2019

അങ്കമാലി സബ് ട്രഷറിയിലെ മുഴുവൻ ബാറ്ററികളും പ്രവർത്തന രഹിതമായതിനാൽ പൂർണമായും കെ എസ് ഇ ബി യെ ആശ്രയിച്ചാണ് വൈദ്യുതി ലഭ്യമാകുന്നത് ട്രഷറിയിൽ എല്ലാ ദിവസവും രണ്ട് മണിക്കൂറിലേറെ വൈദ്യുതി ലഭ്യമാകുന്നില്ല കൂടാതെ ഈ മാസം തന്നെ രാവിലെ മുതൽ വൈകിട്ട് വരെ മൂന്ന ദിവസവും വൈദ്യുതി ലഭ്യമായില്ല ഏറെ തിരക്കുള്ള ഈ ട്രഷറിയിൽ വൈദ്യുതി ഇല്ലാതിരിക്കുന്നത് ഇടപാടുകൾ മണിക്കൂറുകളോളം

തടസ്സപ്പെടുന്നതിനിടയാക്കിയിട്ടുണ്ട് ഇത് ഇടപാടുകാരെ വളരെ അധികം ബുദ്ധിമുട്ടിലാക്കിയിട്ടുണ്ട്

സമയ ബന്ധിത മായി ഇടപാടുകൾ നടത്താൻ സാധിക്കാതെ വരുന്നതിനാൽ രാത്രി വളരെ വൈകി യാണ് സ്ത്രീ ജീവനക്കാരുൾപ്പടെ ജോലി ചെയ്യേണ്ടി വരുന്നത് . ഇടപാടുകളിൽ തിരുത്തൽ ലഭ്യമാക്കുന്നതിനും പ്രയാസം നേരിടുന്ന ഈ സാഹചര്യത്തിൽ അടിയന്തിരമായി അങ്കമാലി സബ് ട്രഷറിക്ക് ബാറ്ററി കൾ ലഭ്യമാക്കണം

ഇടപാടുകാരുമായി നിരന്തരം നല്ല നയ സമീപനങ്ങൾ സ്വീകരിക്കുന്നത് കൊണ്ട് മാത്രമാണ് അവരുടെ വിഷമതകൾ പരാതികളായി പരിധി കടക്കാത്തത് . ഈ സാഹചര്യത്തിൽ ഇനിയും വൈദ്യുതി ഇല്ലെന്ന കാരണം പറഞ്ഞു ബുദ്ധിമുട്ടിക്കുവാൻ വളരെ പ്രയാസമുണ്ട് . പുതിയ ബാറ്ററി സെറ്റുകൾ അങ്കമാലി സബ് ട്രഷറിക്ക് ലഭ്യമാകും വരെ വൈദ്യുതി തടസ്സം നേരിടുമ്പോൾ നിയന്ത്രിത രീതിയിൽ ഇടപാടുകൾ ക്രമീകരിക്കുവാൻ ജില്ല ട്രഷറിയിൽ സ്റ്റോക്കുള്ള പഴയ ബാറ്ററികൾ റീ ചാർജ്ജ് ചെയ്ത് ഉപയോഗിക്കുവാൻ ലഭ്യമാക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുന്നു

എന്ന്

വിശ്വസ്തതയോടെ

സബ് ട്രഷറി ഓഫീസർ

pen 240339 .

അങ്കമാലി

SUB TREASURY OFFICER
ANKAMALY

SUB TREASURY ANGAMALY 683 572

5


സബ് ട്രഷറി അങ്കമാലി

stoangamaly @gmail.com

pin 683572 phone04842452670


A1/70/2019 തിയതി 22/10/2019

പ്രേഷക സബ് ട്രഷറി ഓഫീസർ
അങ്കമാലി

സ്വീകർത്താവ് സബ് ട്രഷറി ഓഫീസർ
കളമശ്ശേരി

സർ ,

വിഷയം 8 ബാറ്ററികൾ ലഭ്യമാക്കുന്നത് സംബന്ധിച്ച്
സൂചന ഇല്ല

അങ്കമാലി സബ് ട്രഷറിയിൽ ബാറ്ററികൾ ഒന്നും പ്രവർത്തിക്കാത്തതിനാൽ പൂർണമായും കെ എസ് ഇ ബി യെ ആശ്രയിച്ചാണ് വൈദ്യുതി ലഭ്യമാക്കുന്നത് . എന്നാൽ കഴിഞ്ഞ ഏതാനം മാസങ്ങളായി നിരന്തരം മണിക്കൂറുകളോളം വൈദ്യുതി തടസ്സം നേരിടുന്നതിനാൽ ഇടപാടുകൾ നിർത്തിവെക്കേണ്ട സാഹചര്യങ്ങൾ ഉണ്ടായി .നിലവിലുണ്ടായ ബാറ്ററികൾ റീ ചാർജ്ജ് ചെയ്ത് ഉപയോഗിക്കാനും സാധിക്കാതെയായി

പുതിയ ബാറ്ററികൾ ലഭ്യമാകാൻ കാലതാമസമുണ്ടാകുന്നതിനാലും ഇടപാടുകാർ നിരന്തരം പരാതികൾ ഉന്നയിക്കുന്നതിനാലും അടിയന്തിര സാഹചര്യം കണക്കിലെടുത്ത് എറണാകുളം ജില്ലയിലെ രണ്ട് സെറ്റ് ബാറ്ററി ഉപയോഗിക്കുന്ന ട്രഷറിയിൽ നിന്നും ഒരു സെറ്റ് ബാറ്ററി താത്കാലികമായി അങ്കമാലി സബ് ട്രഷറിക്ക് ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ചിരുന്നു ഇത് പ്രകാരം എറണാകുളം ജില്ല ട്രഷറി ഓഫീസറുടെ അനുവാദത്തോടെ കളമശ്ശേരി സബ് ട്രഷറിയിൽ നിന്നും ഒരുസെറ്റ് ബാറ്ററി 8 എണ്ണം ലഭ്യമാക്കണമെന്ന്
വിനീതമായി അഭ്യർത്ഥിക്കുന്നു

എന്ന്

വിശ്വസ്തതയോടെ 22/10/19

SUB TREASURY ANGAMALY-683 572

സബ് ട്രഷറി ഓഫീസർ

240229 SUB TREASURY OFFICER
ANKAMALY